62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 640 Participant Code: 109

# ചീട്ടുകൊട്ടാരം

"ദേവേട്ടാ,, ന്നെ കടല് കാണിക്കാൻ കൊണ്ടോവോ?
ന്റെ ക്ലാസിലെ അപർണ്ണേല്ലേ, ആ, അവളും അവൾടെ അമ്മേം അച്ഛനും കടല് കാണാൻ പോയല്ലോ... നല്ല രസായിരുന്നത്രേ....
നിക്കും പോണം. ന്നെ കൊണ്ടോവോ?"

കാലിലേക്ക് വന്നടിച്ച തിരയാണ് സ്വബോധത്തിലേക്കെത്തിച്ചത്. നേരം ഇരുട്ടിത്തുടങ്ങുന്നു. താൻ വന്ന സമയം തന്റെ തലക്ക് മേലെ നിന്നിരുന്ന സൂര്യൻ ഇപ്പോൾ ചക്രവാളത്തിലേക്കടുക്കുന്നു.
താൻ മാത്രം നിന്ന അതേ സ്ഥലത്ത്, ഒരിഞ്ച് മാറാതെ, മാറ്റങ്ങളില്ലാതെ, ജീവച്ഛവം പോലെ! അല്ലെങ്കിലും തന്റെ ജീവിതത്തിൽ ഇന്ന് മാറ്റങ്ങൾക്ക് സ്ഥാനമില്ലല്ലോ. രാവും പകലും ഒരുപോലെ, കാണുന്ന മുഖങ്ങൾക്ക് പോലും ഒരേ ഛായ. മനസിന് മരവിപ്പ് ബാധിച്ചാൽ പിന്നെന്തുചെയ്യാൻ!

എവിടെയാണ് തന്നെ നഷ്ടപ്പെട്ടത്? ~~അവസാന സെമസ്റ്റർ പരീക്ഷ~~ അവസാന വർഷ സെമസ്റ്റർ പരീക്ഷയുടെ പകുതിയിൽ തന്നെ വിളിക്കാൻ വന്ന ~~ഷി~~ വല്യമാമന്റെ പിറകെ കടന്ന കോളേജ് ഗേറ്റിന്റവിടെയോ? വീട്ടിലേക്കുള്ള വഴിയിൽ കണ്ട ജനസാഗരത്തിലോ? അതോ വെള്ള പുതച്ചു കിടക്കുന്ന ~~അച്ഛനുമമ്മ~~ അച്ഛനുമമ്മയ്ക്കുമരികിലോ?

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അന്ന് മരവിച്ചു കിടക്കുന്ന ആ രണ്ട് ശരീരങ്ങളുടെ നടുവിലേക്ക് പാതിതളർന്നുവീണ തന്റെ കൂടപ്പിറപ്പിനറിയില്ലേ? അറിയില്ല! എവിടെയോ തന്നെ നഷ്ടപ്പെട്ടിരിക്കുന്നു! തിരിച്ചു കിട്ടാത്തവണ്ണം...

ചിന്തകൾ പിന്നെയും മനസ്സിലേക്ക് ഇരച്ചുകയറാൻ തുടങ്ങി അവ തന്റെ ക്ലാസു പടിക്കൽ നിൽക്കുന്ന ~~വല്യമ്മാമനിലെ~~ വല്യമാമനിലെത്തിച്ചേർന്നു. തന്റെ അവസാനവർഷ സെമസ്റ്റർ പരീക്ഷ. വീട്ടിലേക്കുള്ള ദൂരക്കൂടുതൽ കാരണം അന്ന് ഞാൻ ഹോസ്റ്റലിൽ നിന്നായിരുന്നു പഠിച്ചിരുന്നത്. പരീക്ഷാപകുതിയിൽ തന്നെ വിളിക്കാൻ വന്ന വല്യമ്മാമനെ കാൺകെ മനസ്സിലുടലെടുത്ത സംശയത്തിന് മറുപടി തന്നത് ~~തന്റെ~~ തന്റെ അച്ഛന്റെയും അമ്മയുടെയും വെള്ളയിൽ ~~പൊതി~~ പൊതിഞ്ഞ മൃതദേഹങ്ങളായിരുന്നു. അന്ന് പെരുവിരലിൽ നിന്ന് തലച്ചോറിലേക്ക് അരിച്ചുകയറിയ പെരുപ്പ് ഇന്നും മാറിയിട്ടില്ല. ~~പാർട്ടികൾ തമ്മിലുള്ള~~ ഏതൊക്കെയോ പാർട്ടികൾ തമ്മിലുള്ള വെറിയുദ്ധത്തിൽ തനിക്കും തന്റെ ദേവേട്ടനും നഷ്ടപ്പെട്ടത് ഞങ്ങളുടെ ജീവിതമായിരുന്നു.

ചിന്തയ്ക്ക് തീ കൊളുത്തുന്നതു കൈകൾക്ക് തളർച്ച ബാധിച്ചപ്പോൾ പകരക്കാരനായി വന്ന വല്യമ്മാമന്റെ മകൻ പകരം ആ അഗ്നി തന്റെ കൈകളാൽ ചിതയിലേക്ക് പടർത്തിയപ്പോൾ മുതൽ ~~ത~~ കുടുംബത്തിന്റെ ഉത്തരവാദിത്തം തന്റെ ചുമലിലേക്കാവുകയായിരുന്നു.

~~കല്യാണാഘോഷത്തിന് പങ്കെടുക്കുന്നു മടങ്ങിയ വഴിയിൽ ഇരുവരെയും~~

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കല്യാണാഘോഷത്തിന് പങ്കെടുത്തു മടങ്ങുന്ന വഴിയിൽ പാർട്ടിപ്പോരിൽ പൊലിഞ്ഞ ദമ്പതികളെക്കുറിച്ച് പിന്നെ കുറച്ച് ദിവസങ്ങൾ പത്രങ്ങളിലുണ്ടായിരുന്നു. പതിയെ മറ്റു സംഭവവും പോലെ അതും മാഞ്ഞു!

അച്ഛന്റെയും അമ്മയുടെയും മരണത്തിനുമുപരി തന്നെ തളർത്തിയത് താങ്ങാവേണ്ട കൈകളുടെ തളർച്ചയായിരുന്നു. പിന്നീടങ്ങോട്ട് ഒരോട്ടപ്പാച്ചിലായിരുന്നു, ആ കൈകളുടെ ആരോഗ്യം വീണ്ടെടുക്കാൻ. അറിയുന്നതും അറിയാത്തതുമായി ഒന്നിലധികം ജോലികൾ ചെയ്തു. അതിനിടയിൽ മുടങ്ങിപ്പോയ പരീക്ഷകൾ എഴുതിയെടുത്തു. അതുവഴി അത്യാവശ്യം ശമ്പളമുള്ള ഒരു ജോലിക്ക് കയറി. ജോലിയില്ലാത്ത ദിവസങ്ങളിൽ അടുത്തൊരു ട്യൂട്ടോറിയലിൽ കുട്ടികൾക്ക് ട്യൂഷനെടുത്തു. ഇതിനിടയിലെവിടെയോ തന്നെ മറന്നു. ചിരിക്കാൻ മറന്നു. ആകെ ഒരു ലക്ഷ്യം. തന്റെ കൂടപ്പിറപ്പ്!

എന്നാൽ ദൈവം തന്നെ അവിടെയും തളർത്തി. ഓഫീസിലെ ജോലി കഴിഞ്ഞെത്തിയ തന്നെ കാത്തിരുന്നത് ചേതനയറ്റ ഏട്ടന്റെ ശരീരമായിരുന്നു. കൺമുന്നിൽ കണ്ടത് വിശ്വസിക്കാനാവാതെ മണിക്കൂറുകളോളം തരിച്ചിരുന്നു. കരയാൻ ഒരിറ്റ് കണ്ണീർ പോലും തന്നെ തേടിവന്നില്ല. പൊതുശ്മശാനത്തിൽ ആളിയുണ്ടായ പ്രതീക്ഷയെയും കുഴിച്ചിട്ട് ഞാൻ ഒരു യന്ത്രമനുഷ്യനിലേക്ക് ~~പരിണമിക്കുകയായിരു~~

പരിണമിക്കുകയായിരുന്നു. ഇനി എന്തിനുവേണ്ടി ജീവിക്കുന്നു... എന്ന ചോദ്യത്തിന് ഉത്തരമില്ലാതെ!

ദൈവം ഒരു ക്രൂരനാണ്. മനുഷ്യന് അവന് താങ്ങാവുന്നതിലുമധികം യാതനകൾ ~~[illegible]~~ നൽകി അവനെ ക്രൂശിച്ച് ഒടുവിൽ അവന്റെ പ്രാർത്ഥനയിൽ രസം കണ്ടെത്തുന്ന ഭ്രാന്തൻ!

ഉറക്കെ കരയാൻ കിടന്നു പരിശ്രമിച്ച് പരാജയപ്പെട്ടുപോയ രാത്രികൾ. ചിരിക്കാൻ ശ്രമിച്ച് വിഫലമായിപ്പോയ പകലുകൾ. ജീവിതത്തെ വെറുക്കാൻ കാരണങ്ങൾ കൂടിക്കൊണ്ടേയിരുന്നു. ആത്മഹത്യയെപ്പറ്റി ചിന്തിക്കാൻ തുടങ്ങിയ നാളുകൾ. ഒടുവിൽ ദൈവം കരുണ കാട്ടിയിരിക്കുന്നു. മരണം ഒരു ചാൺ അകലെ കാത്തിരിക്കുന്നു. എന്നാൽ കൈനീട്ടി പിടിക്കാൻ എന്നെക്കൊണ്ടാവുന്നില്ല.

~~[illegible]~~ ഇന്ന് ഏട്ടന്റെ ആണ്ടായിരുന്നു. രാവിലെയുടുത്ത മേൽമുണ്ടിലെ ഈറൻ ഇപ്പോഴും മാറാത്ത പോലെ. കർമ്മങ്ങൾക്കായി നമ്പൂതിരിയുടെ നിർദേശപ്രകാരം ~~കടലിലേക്കിറങ്ങിയ~~ കടലിലേക്കിറങ്ങിയപ്പോൾ മുതൽ മനസിലുടലെടുത്ത ആശയമാണ് കടലാണ് തന്റെ കാലനെന്ന്.

~~അപ്പോൾ മുതൽ~~ അപ്പോൾ മുതൽ ചെവിയിൽ മുഴങ്ങിക്കേൾക്കുന്ന ഒന്നുമാത്രം - 'ദേവേട്ടാ, എന്നെ കടല് കാണിക്കാൻ കൊണ്ടോവോ?'

തന്റെ മനസിന്റെ പ്രതിഫലനം പോലെ ആകാശവും ഇരുൾ മൂടാൻ തുടങ്ങിയിരുന്നു. ~~കാലുകൾ കടലുകൾക്കുനേരെ ചലിക്കാൻ തുടങ്ങ~~

ആകാശവും ദു:ഖത്തിലാവും, എന്നെപ്പോലെ. എന്നാൽ അവക്ക് ദു:ഖം കരഞ്ഞുതീർക്കാനാവുമല്ലോ, എനിക്കോ. . . . .

ആദ്യത്തെ ഒരു തുള്ളിയ്ക്കുശേഷം ആകാശം ആർത്തലച്ചു കരയാൻ തുടങ്ങി. എട്ടുദിക്കും പൊട്ടുമാറ് അലറിവിളിച്ചു. എന്റെ കാലുകൾ കടലിനെ ലക്ഷ്യമാക്കി ചലിക്കാൻ തുടങ്ങി. അപ്പോഴും ചെവിയിൽ ഒരേഴ് വയസുകാരിയുടെ ശബ്ദം മുഴങ്ങുന്നുണ്ടായിരുന്നു.

“ഏട്ടേട്ടാ. എന്നെ കടല് കാണിക്കാൻ കൊണ്ടോവോ?”

-ശുഭം.